"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി - 2015-16 ലെ 'പ്ലാശ്ശീരിക്കളം റോഡ് റീടാറിംഗ്" എന്ന പ്രവൃത്തി സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.1504/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 13/08/2020

---

പരാമർശം:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2020-ലെ യോഗതീരുമാനം നമ്പർ 2.3(4.12)

**ഉത്തരവ്**

ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി, 2015-16 സാമ്പത്തിക വർഷം 'പ്ലാശ്ശീരിക്കളം റോഡ് റീടാറിംഗ്" എന്ന പ്രവൃത്തി 3 ലക്ഷം രൂപ ആകെ അടങ്കലിൽ (മെയിന്റനൻസ് ഗ്രാന്റ് - 1,96,100/-, തനത് ഫണ്ട് 1,03,900/- രൂപ) ഏറ്റെടുത്തിരുന്നു. 31.12.2015-ന് പ്രവൃത്തി പൂർത്തിയായപ്പോൾ മെയിന്റനൻസ് ഗ്രാന്റായി ഉൾപ്പെടുത്തിയിരുന്ന 1,96,100/- രൂപ മാത്രമാണ് കരാറുകാരന് നൽകിയത്. തനത് ഫണ്ട് വിഹിതമായി ഉൾപ്പെടുത്തിയിരുന്ന തുക നൽകിയിരുന്നില്ല. പ്രസ്തുത തുക നൽകാൻ 2016-17 പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നവെങ്കിലും അന്നും തുക നൽകിയില്ല. ടി പ്രവൃത്തി തുടർന്നുള്ള വർഷങ്ങളിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നില്ല.

2. 'പ്ലാശ്ശീരിക്കളം റോഡ് റീടാറിംഗ്" എന്ന പ്രവൃത്തി സ്പിൽഓവറായി ഉൾപ്പെടുത്തി ബിൽ തുക നൽകാൻ അനുമതി സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് 24.06.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും തീരുമാനം നമ്പർ 2.3(4.12) പ്രകാരം ടി പ്രവൃത്തി സ്പിൽ ഓവറായി ഉൾപ്പെടുത്താനും തുക നൽകാനും അനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലെ 2015-16 സാമ്പത്തിക വർഷത്തെ പ്രോജക്ടായ 'പ്ലാശ്ശീരിക്കളം റോഡ് റീടാറിംഗ്" പ്രവൃത്തി സ്പിൽ ഓവറായി ഉൾപ്പെടുത്താനും തുക നൽകാനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**

**പ്രിൻസിപ്പൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി.എസ്സ്.എസ്.എ.) / (ഇ.ആർ.എസ്.എ), കേരള, തിരുവനന്തപുരം.

സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്.

വിവര പൊതുജനസമ്പർക്ക് (വെബ് & ന്യൂമീഡിയ) വകുപ്പ്.

ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SMITHA R CHANDRA
Date: 2020.08.13 17:30:00 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് :

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.

തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.